(സി) കരിമ്പിന്റെ വില ടണ്ണിനു 150 രൂപാ വീതം നിശ്ചയിക്കുമ്പോഴുണ്ടാവുന്ന സാമ്പത്തിക ബാദ്ധ്യതയും മറ്റും പരിശോധിച്ച് നടപടികൾ എടുത്തുവരികയാണ്.

ഗൾഫ് നാടുകളിലേക്ക് കയറ്റി അയക്കുന്ന സാധനങ്ങൾ

*112 [121] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് ഇപ്പോൾ എന്തെല്ലാം സാധനങ്ങളാണ് ഗൾഫ് നാടുകളിലേക്ക് കയറ്റി അയക്കുന്നത്;

(ബി) പുതിയതായി എന്തെല്ലാം കയറ്റി അയക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഈ കയറ്റുമതിമൂലം എത്രലക്ഷം ഉറുപ്പികയുടെ വ്യാപാരമാണ് കേരളത്തിനു കിട്ടുമെന്നു പ്രതീക്ഷിക്കുന്നത്?

വ്യവസായവും വനവുംവകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ) താഴെപ്പറയുന്ന സാധനങ്ങളാണ് ഇപ്പോൾ ഗൾഫ് നാടുകളിലേക്ക് കയറ്റി അയക്കുന്നത്.

1. സംസ്ക്കരിച്ച ഭക്ഷ്യപദാർത്ഥങ്ങൾ (അച്ചാർ, ചട്ട്നി, പഴങ്ങളുടെ നീര്, ജാം തുടങ്ങിയവ)
2. മൽസ്യം
3. തവളക്കാലുകൾ
4. കയറുൽപ്പന്നങ്ങൾ
5. കശുവണ്ടിപ്പരിപ്പ്
6. പ്ലൈവുഡ്
7. ഫർണിച്ചറിന്റെ ഭാഗങ്ങളും അറുപ്പിച്ച തടികളും
8. കരകൗശലവസ്തുക്കൾ
9. കുരുമുളക്, ഏലം, കാപ്പി, ഓയിലുകൾ, ചന്ദനതൈലം മുതലായവ
10. ടിന്നിലാക്കിയ ഇറച്ചി, പുതിയ തണുപ്പിച്ച മാംസം
11. പഞ്ഞിത്തുണിത്തരങ്ങൾ
12. മലക്കറികൾ, പഴവർഗ്ഗങ്ങൾ
13. സോപ്പ്
14. വെറ്റ് ഗ്രിൻഡേഴ്സ്

(ബി) കേരളത്തിലെ കയറ്റുമതി സാദ്ധ്യത ആരായുന്നതിനായി ഗൾഫ് മാർക്കറ്റ് സർവ്വേ നടത്താനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്. ഈ സർവ്വേ പൂർത്തിയാകുമ്പോൾ പുതിയതായി എന്തെല്ലാം സാധനങ്ങൾ കയറ്റുമതി ചെയ്യാൻ സാധിക്കുമെന്നു തിട്ടപ്പെടുത്താൻ സാധിക്കുന്നതാണ്. എയർ കാർഗോ കോംപ്ലക്സ് മുഖേന പുതുതായി കൈത്തറിത്തുണികൾ, സുഗന്ധദ്രവ്യങ്ങൾ, വറ്റൽ, പ്രസിദ്ധീകരണങ്ങൾ, എന്നിവ കയറ്റി അയക്കാൻ സാദ്ധ്യതയുണ്ട്.

(സി) മുകളിൽ പറഞ്ഞ സർവ്വേക്കുശേഷം കയറ്റുമതി മൂല്യം ലഭിക്കാവുന്ന വ്യാപാരത്തിന്റെ കണക്ക് തിട്ടപ്പെടുത്താവുന്നതാണ്.

എയർ കാർഗോയുടെ പ്രവർത്തനഫലമായി 150 ലക്ഷം രൂപയുടെ വ്യാപാരം കേരളത്തിന് കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly